(ബി) സ്വകാര്യ ആശുപത്രികളുടെ നിരക്ക് ലഭ്യമല്ല.

(സി) സർക്കാർ ആശുപത്രികളിൽ ബി.പി.എൽ വിഭാഗത്തിലുള്ളവർക്ക് സൗജന്യമായാണ് രോഗനിർണ്ണയ പരിശോധനകൾ നടത്തുന്നത്. എന്നാൽ എ.പി.എൽ കാരിൽനിന്ന് ആശുപത്രി വികസന സമിതികൾ നിശ്ചയിക്കുന്ന നിരക്കാണ് രോഗനിർണ്ണയ പരിശോധനകൾക്ക് ഈടാക്കുന്നത്. ആർ.എസ്.ബി. വൈ. ചിസ് പ്ലസ് പദ്ധതികളിലൂടെ നിർദ്ധനരായ രോഗികൾക്ക് രോഗനിർണ്ണയ പരിശോധനകൾ നടത്തുന്നുണ്ട്.

വയനാട് ജില്ലയിൽ കരങ്ങുപനി

16 (2225) ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :
ശ്രീ. കെ. കെ. നാരായണൻ :
ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട് ജില്ലയിൽ പടർന്ന് പിടിക്കുന്ന കരങ്ങുപനി നിയന്ത്രിക്കുന്നതിൽ വിജയിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ആയതിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ ;

(ബി) രോഗനിർണ്ണയത്തിനും ചികിത്സയ്ക്കും ഏർപ്പെടുത്തിയിട്ടുള്ള ക്രമീകരണങ്ങൾ അറിയിക്കുമോ?

(സി) രോഗവ്യാപനം തടയുന്നതിനും രോഗപ്രതിരോധത്തിനുമായി എന്തൊക്കെ നടപടികൾ സ്വീകരിച്ചെന്ന് അറിയിക്കാമോ?

ഉത്തരം

(എ) വിജയിച്ചിട്ടുണ്ട്.

(ബി&സി) എല്ലാ സർക്കാർ ആശുപത്രികളിലും DM, WIMS ഹോസ്പിറ്റലിലും ചികിത്സയ്ക്കവേണ്ട സജ്ജീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, രോഗനിർണ്ണയത്തിനുവേണ്ടി സംശയിക്കപ്പെടുന്നവരുടെ ബ്ലഡ് സാമ്പിളുകൾ MCVR മണിപ്പാൽ ലാബിലേയ്ക്ക് അയച്ച് റിസൾട്ട് ലഭ്യമാക്കുന്നുണ്ട്. കൂടാതെ, കരങ്ങുപനി നിയന്ത്രണ വിധേയമാക്കുന്നതിന് ചുവടെ ചേർക്കുന്ന പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട് :

LIBRARY ARCHIVES Kerala Legislative Assembly

- വിവിധ വകുപ്പുകളുടെ സംയോജിത യോഗം ചേർന്നു.
- കുരങ്ങുകളുടെ മരണം റിപ്പോർട്ട് ചെയ്ത സ്ഥലങ്ങളിൽ പ്രത്യേക നിരീക്ഷണം നടത്തിവരുന്നു.
- വീടുകൾ കയറിയുള്ള പനിയുടെ കണക്കെടുപ്പ്, സ്പെഷ്യൽ മെഡിക്കൽ ക്യാമ്പ്, ഡിപ്ലോയ്മെന്റ് ഓഫ് സ്റ്റാഫ് എന്നീ പ്രവർത്തനങ്ങൾ നടത്തിവരുന്നു.
- സുൽത്താൻ ബത്തേരി താലൂക്ക് ആശുപത്രി, ജില്ലാ ആശുപത്രി-മാനന്തവാടി എന്നിവിടങ്ങളിൽ പ്രത്യേക സജ്ജീകരണങ്ങൾ ഏർപ്പെടുത്തി.
- ചികിത്സാ മാർഗ്ഗരേഖ എല്ലാ സ്ഥാപനങ്ങളിലും എത്തിച്ചിട്ടുണ്ട്.
- പ്രതിരോധ കുത്തിവയ്പ് നടത്തിവരുന്നു.
- Malathion dusting, മാലത്തിയോൺ പൗഡർ എന്നിവ കുരങ്ങുകൾ ചത്ത സ്ഥലത്തും ചെള്ളുകളെ കാണുന്നിടത്തും വിതറുന്നുണ്ട്.
- നിയന്ത്രണത്തോടെയുള്ള കാട് കത്തിക്കൽ, വ്യക്തി സുരക്ഷയ്ക്കുവേണ്ടിയുള്ള സാധനങ്ങളുടെ വിതരണം എന്നീ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

കാട്ടിൽ പോകുന്നവർ ചെള്ള് നിർമ്മാർജ്ജന ലേപനങ്ങൾ പുരട്ടണമെന്നും ശരീരം മറയ്ക്കുന്ന രീതിയിൽ വസ്ത്രധാരണം ചെയ്യണമെന്നും ഗം ബൂട്ട്, ഗ്ലൗസുകൾ, ഗൗൺ, ഏപ്രൺ തുടങ്ങിയവ ഉപയോഗിക്കണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്.

കൂടാതെ ഐ.ഇ.സി. (രോഗപ്രതിരോധ നിയന്ത്രണ മാർഗ്ഗങ്ങളെക്കുറിച്ചുള്ള ബോധവത്കരണം),നോട്ടീസ് വിതരണം, ബോർഡുകൾ, പോസ്റ്ററുകൾ, ഡോക്യുമെന്ററി ഫിലിം പ്രദർശനം, ആരോഗ്യബോധവത്കരണ ക്ലാസ്സുകൾ എന്നീ പ്രവർത്തനങ്ങളും നടത്തിവരുന്നു.

ഭക്ഷ്യവസ്തുക്കളിൽ മായം

17 (2226) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിൽക്കപ്പെടുന്ന പാക്കറ്റ് ബദളിച്ചെണ്ണ, പാൽ എന്നിവയിൽ അപകടകരമാംവിധം മായം കലർന്നതാണെന്ന വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതു സംബന്ധിച്ച് ഭക്ഷ്യ സുരക്ഷാ വിഭാഗം ഏതെങ്കിലും തരത്തിലുള്ള അന്വേഷണം നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ കണ്ടെത്തലുകൾ എന്തൊക്കെയാണ് ;

LIBRARY ARCHIVES Kerala Legislative Assembly